"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ നാക്കിലമ്പാട് പട്ടികവർഗ്ഗ നഗറിലെ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് തനത് ഫണ്ട് വകയിരുത്തി മൂന്ന് ലക്ഷം രൂപയുടെ പ്രോജക്ട് എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2562/2024/LSGD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:-

1. പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 30.09.2024 ലെ 6/1 ഭരണ സമിതി തീരുമാനം.
2. കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 14.10.2024 ലെ കത്ത്
3. 05.12.2024 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനം ഖണ്ഡിക 4.12

**ഉത്തരവ്**

പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 21-ാം വാർഡിൽ നാക്കിലമ്പാട് പട്ടികവർഗ്ഗ നഗറിലെ പല വീടുകളിലും വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നിലവിലുണ്ടെന്നും ആയത് പരിഹരിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും മൂന്ന് ലക്ഷം രൂപ (Rs.3,00,000/-) വകയിരുത്തി അടിയന്തരമായി പദ്ധതി രൂപീകരിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

നാക്കിലമ്പാട് പട്ടികവർഗ്ഗ നഗറിൽ 11 വീടുകളിലായി 18 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ആകെ ജനസംഖ്യ 60 ആണ്. വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ രണ്ട് വീടുകളൊഴികെ മറ്റു വീടുകളുടെ വൈദ്യുതി 2020 മുതൽ വിച്ഛേദിച്ചിരിക്കുകയാണ്. ഈ നഗറിൽ ആകെ രണ്ട് ടോയിലറ്റും ഒരു കിണറും മാത്രമാണുള്ളത്. ജലജീവൻ പദ്ധതിയിൽ ടാപ്പുകൾ സ്ഥാപിച്ചെങ്കിലും വെള്ളം ലഭ്യമല്ല. ആകെയുള്ള 11 വീടുകളിൽ ഒരു വീടു മാത്രമാണ് വാസയോഗ്യം ഈ നഗറിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 18.09.2024-ൽ കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ നഗറിൽ സന്ദർശനം നടത്തുകയും പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു . ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു.

നഗറിലെ സാഹചര്യം പരിഗണിച്ച് ടോയിലറ്റ് നിർമ്മാണത്തിന് പുതുപ്പാടി ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതിനാൽ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ച്

കിട്ടിയാൽ മാത്രമേ കുറഞ്ഞ തോതിലെങ്കിലും നഗറിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയുള്ളൂ. നഗറിന്റെ അവസ്ഥ വളരെ ശോചനീയമായതിനാലും ഇവിടെ താമസിക്കുന്നത് പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവരായതിനാലും ടോയിലറ്റ് നിർമ്മാണത്തിന് പഞ്ചായത്ത് ഏറ്റെടുത്ത പ്രോജക്ടിനോടൊപ്പം നാക്കലിമ്പാട് നഗറിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ട കുടുംബങ്ങൾക്ക് കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് തനത് ഫണ്ട് വകയിരുത്തി മൂന്ന് ലക്ഷം രൂപയുടെ (Rs.3,00,000/-) പ്രോജക്ട് എടുക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു. ഈ പട്ടികവർഗ്ഗ നഗറിന്റെ മറ്റു പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനത്തിന്റെയും വിഹിതം ഉപയോഗിച്ച് കർമ്മപദ്ധതി തയ്യാറാക്കാൻ തദ്ദേശ ഭരണസ്ഥാപനത്തിന് നിർദേശം നൽകിക്കൊണ്ടും ഇതിന് ആവശ്യമായ സഹായം നല്കാൻ ജില്ലാ പ്ലാനിംഗ് ഓഫീസറെയും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറെയും ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. പഞ്ചായത്ത് സെക്രട്ടറി, പുതുപ്പാടി ഗ്രാമപഞ്ചായത്ത്
2. പഞ്ചായത്ത് പ്രസിഡണ്ട്, പുതുപ്പാടി ഗ്രാമപഞ്ചായത്ത്
3. ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കോഴിക്കോട് ജില്ല
4. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, കോഴിക്കോട് ജില്ല
5. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട് ജില്ല
6. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട് ജില്ല
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10. ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്
11. ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, കോഴിക്കോട് ജില്ല
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള , തിരുവനന്തപുരം
15. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
16. തദ്ദേശ സ്വയംഭരണ (എഫ് എം) വകുപ്പ്
17. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 30-12-2024 11:21:54
സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു.തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പി എസ്-ന്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ-യ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ-യ്ക്ക്